# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്തംബർ 17

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം/എം.സി.ജെ./എം.എസ്.ഡബ്ല്യു./എം.ടി.എ. ആനറ് എം.ടി.ടി.എം. (സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്തംബർ 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ കോളേജ് മുഖേന ഇ-പേയ്‌മെന്റ് നടത്തേണ്ടതാണ്.

(പി.ആർ.ഒ./39/1675/2019)

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്തംബർ 23 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1676/2019)

## പരീക്ഷ തീയതി

പരീക്ഷ കലണ്ടർ പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാല ഒക്‌ടോബർ-നവംബർ മാസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്‌ടോബർ 14നും അഞ്ചാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്‌ടോബർ 14നും മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾ നവംബർ 18നും ഒന്നാം സെമസ്റ്റർ യു.ജി. പരീക്ഷകൾ ഒക്‌ടോബർ 23നും ഒന്നാം സെമസ്റ്റർ പി.ജി. പരീക്ഷകൾ ഒക്‌ടോബർ 23നും നടക്കും. കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നവംബർ നാലു മുതൽ 16 വരെ നടക്കും.

(പി.ആർ.ഒ./39/1677/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.ജെ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്‌ടോബർ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1678/2019)

## പ്രൊഫ. സൈമൺ ഡൂറിങിന്റെ പ്രഭാഷണം നാളെ (സെപ്തംബർ 19) എം.ജി. സർവകലാശാലയിൽ

കൾച്ചറൽ തിയറി, പോസ്റ്റ് കൊളോണിയലിസം, സെക്യുലറിസം എന്നീ മേഖലകളിലെ പ്രശസ്ത ചിന്തകൻ പ്രൊഫ. സൈമൺ ഡൂറിങ് നാളെ (സെപ്തംബർ 19) മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജ്ഞാന പ്രഭാഷണം നടത്തും.

രാവിലെ 10.30ന് സ്‌കൂൾ ഓഫ് ലെറ്റേഴ്‌സിൽ 'എ സെക്കന്റ് സെക്യുലറൈസേഷൻ' എന്ന വിഷയത്തിലാണ് പ്രഭാഷണം നടത്തുക. മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ലെറ്റേഴ്‌സും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായാണ് പ്രഭാഷണ പരിപാടി സംഘടിപ്പിക്കുന്നത്.

മെൽബൺ, ഓക്‌ലൻഡ്, യൂസി ബെർക്‌ലി, ജോൺ ഹോക്കിംഗ്സ്, ക്യൂൻസ്‌ലന്റ് സർവകലാശാലകളിൽ അധ്യാപകനായിരുന്ന പ്രൊഫ സൈമൺ ഡൂറിങ് 'ദ കൾച്ചറൽ സ്റ്റഡീസ് റീഡർ' അടക്കം നിരവധി പ്രശസ്ത പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഡോ. കെ.എം. കൃഷ്ണൻ സംസാരിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. സൈമൺ ഡൂറിങ്**

(പി.ആർ.ഒ./39/1679/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ